## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2526 12/03/2020 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി വ്യവസ്ഥകളിൽ ഇളവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.സണ്ണി ജോസഫ് :** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | നിർമ്മാണ തൊഴിലാളികൾക്ക് അപകടമരണമുണ്ടായാൽ ക്ഷേമനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ അംഗത്തൊഴിലാളികൾക്ക് ജോലിയ്ക്കിടെ അപകടമരണമുണ്ടായാൽ ധനസഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് 18.02.2020 ന് സ.ഉ. (അച്ചടി) നം.24/2020/തൊഴിൽ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ജോലിയ്ക്കിടെ അപകടം പറ്റി ദീർഘനാൾ ചികിത്സയിലിരിക്കെ ആശുപത്രിയിലോ/ വീട്ടിലോ വെച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് എഫ്.ഐ.ആർ, പോസ്റ്റ് മോർട്ടം റിപ്പോർട്ട് എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ താഴെപ്പറയുന്ന രേഖകളുടെ അടിസ്ഥാനത്തിൽ തൊഴിലാളിയുടെ ആശ്രിതർക്ക് അപകട മരണ ധനസഹായം വിതരണം ചെയ്യാവുന്നതാണ്.<br>1) മെഡിക്കൽ സർട്ടിഫിക്കറ്റ്/ ആശുപത്രി രേഖ, അപകടത്തെ തുടർന്നു ണ്ടായ മുറിവ് സംബന്ധിച്ച സർട്ടി ഫിക്കറ്റ്. |

| | | | |
|---|---|---|---|
| | | | 2) മരണപ്പെട്ട തൊഴിലാളികളുടെ നിയമപരമായ അവകാശികൾ 200/-രൂപ യുടെ മുദ്രപത്രത്തിൽ മരണം സംബന്ധിച്ചു നൽകുന്ന സത്യവാങ് മൂലം.<br>3) ഏറ്റവും കുറഞ്ഞത് മൂന്നു പേരുടെ സാക്ഷിമൊഴി സഹിതം അതത് ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ നടത്തുന്ന സ്പോട്ട് എൻക്വയറി സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടും വ്യക്തമായ ശുപാർശയും.<br>അപകടമരണ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ 90 ദിവസത്തിനകം സമർപ്പിക്കണം എന്ന വ്യവസ്ഥ നിർബന്ധമായും പാലിക്കണം. |
| (ബി) | ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവർക്ക് അതിനുള്ള അനുമതി നൽകുന്ന കാര്യത്തിൽ കൂടുതൽ ഇളവ് അനുവദിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | നിശ്ചിത സമയത്തിനു ശേഷം സമർപ്പിക്കുന്ന അപകട മരണ ധനസഹായ അപേക്ഷകൾ, മതിയായ കാരണം ബോധിപ്പിക്കുന്നവയാണെങ്കിൽ രണ്ടു വർഷ കാലയളവുവരെ കാലതാമസം വന്നിട്ടുള്ള അപേക്ഷകൾ ബോർഡ് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ